(ഡി) പുതുക്കിയ അടങ്കൽ പ്രകാരം 1 കോടി 4 ലക്ഷം രൂപയാണ് പദ്ധതിയുടെ പ്രതീക്ഷിക്കുന്ന ചെലവ്. ഇതിൽ 44.87 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കാൻ 59.13 ലക്ഷം രൂപയുടെ ചെലവ് കൂടി പ്രതീക്ഷിക്കുന്നു.

(ഇ) പദ്ധതി ഉടൻ തന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

പട്ടികജാതിക്ഷേമ പദ്ധതികൾ

11(2790) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്നുവർഷമായി പട്ടികജാതി ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം ; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര; ഇതുവരെ ചെലവഴിച്ച തുക എത്ര; ഓരോ പദ്ധതിയുടെയും സ്ഥിതി, പുരോഗതി എന്നിവ ജില്ലാടിസ്ഥാനത്തിൽ വിശദമായി വ്യക്തമാക്കാമോ ;

(ബി) പട്ടികജാതി ക്ഷേമത്തിനായി കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാം ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) പട്ടികജാതി ക്ഷേമത്തിനായി പട്ടികജാതി വികസന വകുപ്പ് വഴി കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഭവന നിർമ്മാണം, ഭൂമി വാങ്ങൽ, വീട് പുനരുദ്ധാരണം, വിവാഹ ധനസഹായം, ദുർബല വിഭാഗങ്ങളുടെ പുനരധിവാസം, സ്വയം പര്യാപ്ത ഗ്രാമം പദ്ധതി, ചികിത്സാ ധനസഹായം, വിദ്യാഭ്യാസ ആനുകൂല്യ പദ്ധതികൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന സ്ഥിര നിയമനം

12 (4238) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് സ്ഥിര നിയമനം നൽകി എന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വകുപ്പുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയല്ലാതെയുള്ള താൽക്കാലിക നിയമനങ്ങൾ തടയുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(സി) വകുപ്പുകളിൽ താൽക്കാലികമായി ഉണ്ടാകുന്ന ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിക്കുവാൻ കർശന നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 2013 സെപ്റ്റംബർ വരെ 4636 പേർക്ക് സ്ഥിര നിയമനം നൽകി. വകുപ്പ് തിരിച്ചുള്ള സ്ഥിര നിയമനം സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) സംസ്ഥാന/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ പി.എസ്.സി.-ക്ക് പുറമെയുള്ള ഒഴിവുകളിലെ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം നടത്തണമെന്ന് നിർദ്ദേശിച്ച് സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ 1959-ലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസി ആക്ട് ഫലപ്രദമായി നടത്തുന്നതിനായി ഈ വകുപ്പിലെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ നടത്തുന്ന തൊഴിൽ സ്ഥാപന പരിശോധനയിൽ പല സ്ഥാപനങ്ങളും ടി ഒഴിവുകളിൽ നേരിട്ട് നിയമനം നടത്തി വരുന്നതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച് നിർദ്ദേശം നൽകി വീണ്ടും സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിക്കുന്നുണ്ട്.

തിരുവനന്തപുരം സിറ്റിയിലെ പൈപ്പുപൊട്ടൽ

13(2446) ശ്രീ. വി. ശിവൻകുട്ടി :

ശ്രീ. കോലിയക്കോട് എൻ കൃഷ്ണൻ നായർ :

ശ്രീ. ബി. സത്യൻ :

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സിറ്റിയിലും സമീപപ്രദേശങ്ങളിലും അടിക്കടിയുണ്ടാകുന്ന കുടിവെള്ള പൈപ്പു പൊട്ടൽ പരിഹരിക്കാനായി പഴയ പൈപ്പുകൾ മാറ്റിയിടുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly